പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2250 27-10-2026-ൽ മറുപടിയ്ക്ക്

കൊച്ചി നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ പുതിയ വാഹനങ്ങൾ അനുവദിക്കലും ഫോർട്ട് കൊച്ചി – മട്ടാഞ്ചേരി പൈതൃക കേന്ദ്രങ്ങൾക്ക് എസ്.ഐ.എസ്.എഫ്. സുരക്ഷ ഏർപ്പെടുത്തലും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ ഉപയോഗിക്കുന്ന ഭൂരിഭാഗം പോലീസ് വാഹനങ്ങളും വളരെ പഴക്കം ചെന്നതും അടിക്കടി കേടുപാടുകൾ സംഭവിക്കുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവർത്തനക്ഷമമായ വാഹനങ്ങളുടെ കുറവ് മൂലം ക്രമസമാധാനപാലനത്തിനും പട്രോളിംഗിനും തടസ്സം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കൊച്ചി നിയോജക മണ്ഡലത്തിലെ പള്ളുരുത്തി സ്റ്റേഷനിൽ രണ്ടും ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കണ്ണമാലി, തോപ്പുംപടി പോലീസ് സ്റ്റേഷനുകളിൽ ഓരോ വാഹനങ്ങളും നിലവിലുണ്ട്. ടി സ്റ്റേഷനുകളിൽ, Sub Inspector SHO ആയതിനെ തുടർന്ന് ഇൻസ്പെക്ടർമാർ ഉപയോഗിച്ചിരുന്ന വാഹനങ്ങൾ, സർക്കിൾ ഓഫീസുകളിലേയ്ക്കും, സ്പെഷ്യൽ യൂണിറ്റുകളിലേയ്ക്കും മാറ്റി നിയമിക്കപ്പെട്ട ഇൻസ്പെക്ടർമാരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഇപ്രകാരം സംസ്ഥാനത്താകെ ഉണ്ടായിട്ടുള്ള 390 വാഹനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിലേക്ക് പുതിയ പ്രൊപ്പോസൽ സമർപ്പിക്കാനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും സുഗമമായ പട്രോളിംഗിനുമായി കൂടുതൽ പുതിയ പോലീസ് വാഹനങ്ങൾ അടിയന്തരമായി അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ ജൂത സിനഗോഗുകൾ (മട്ടാഞ്ചേരി പരദേശി സിനഗോഗ്, കടവുംഭാഗം, തെക്കുംഭാഗം സിനഗോഗുകൾ), ഡച്ച് പാലസ്, സെന്റ് ഫ്രാൻസിസ് ചർച്ച്, സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക തുടങ്ങിയ പൈതൃക കേന്ദ്രങ്ങൾക്ക് നേരെ സാമൂഹ്യവിരുദ്ധരുടെ ആക്രമണ ഭീഷണികൾ നിലനിൽക്കുന്നതും അടുത്തിടെ ഉണ്ടായ തീവെപ്പ് ആക്രമണശ്രമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കൊച്ചി സിറ്റിയിലെ ജൂത സിനഗോഗുകൾക്ക് കൊച്ചി സിറ്റി ആംഡ് ഗാർഡ് വിഭാഗത്തിലെയും ഡച്ച് പാലസ്, സെന്റ് ഫ്രാൻസിസ് ചർച്ച്, സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക തുടങ്ങിയ പൈതൃക കേന്ദ്രങ്ങൾക്ക് ടൂറിസം പോലീസിലെയും, അതാത് പോലീസ് സ്റ്റേഷനിലെയും ഉദ്യോഗസ്ഥർ നിരന്തരം പട്രോളിംഗ് നടത്തിയും സുരക്ഷ നിർവ്വഹിച്ചു വരുന്നു.

അടുത്തിടെ കടവുംഭാഗം സിനഗോഗിനു നേരെ ഉണ്ടായ തീവെപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ കേസിൽ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1076/2026 U/s 326(g) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിലേയ്ക്ക് Ebin B Paul (Male, 32) എന്നയാളെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്.

(ഡി) പ്രസ്തുത ചരിത്രസ്മാരകങ്ങളുടെയും സന്ദർശകരുടെയും സമഗ്ര സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക സുരക്ഷാ സേനയായ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിനെ (SISF) മുഴുവൻ സമയ കാവലിനായി വിന്യസിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മറുപടി: നിലവിലുള്ള നടപടിക്രമമനുസരിച്ച്, ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് SISF-ന്റെ സുരക്ഷാ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ, സുരക്ഷാ ആവശ്യകതകൾ വിലയിരുത്തുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരുടെ എണ്ണം നിർണയിക്കുന്നതിനും ഡ്യൂട്ടി പോസ്റ്റുകൾ തിരിച്ചറിയുന്നതിനുമായി SISF-ന്റെ സുരക്ഷാ ഓഡിറ്റ് സംഘം സമഗ്രമായ സുരക്ഷാ ഓഡിറ്റ് നടത്തുകയും, നിശ്ചിത നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ധാരണാപത്രം (MoU) ഒപ്പുവയ്ക്കുകയും ചെയ്യുന്ന പക്ഷം, സർക്കാർ അനുമതിയോടുകൂടി വിവിധ ആംഡ് പോലീസ് ബറ്റാലിയനുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് സുരക്ഷാ ചുമതലകൾക്കായി SISF പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്.

സെക്ഷൻ ഓഫീസർ